നിബന്ധനകൾക്കു വിധേയമായി അനുവദിച്ചിട്ടുള്ള കോഴ്സുകളുടെ ജോലിഭാരത്തിൽ ഗസ്റ്റ് അദ്ധ്യാപകരെ നിയമിച്ചാൽ അവർക്ക് സർക്കാർ ഖജനാവിൽനിന്നും ശമ്പളം നൽകുന്നില്ല.

(എഫ്) ഉണ്ട്. പരിഹരിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

എഡ്യൂസാറ്റ് വിദ്യാഭ്യാസ പദ്ധതി

91 [3074] *പ്രി. കെ. ശ്രീമതി ടീച്ചർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഡ്യൂസാറ്റ് വിദ്യാഭ്യാസ പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളെക്കുറിച്ച് വിശദമാക്കാമോ;

(ബി) ഇതിനായി കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിൽനിന്നും എന്തെല്ലാം സഹായങ്ങളാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഐ. എസ്. ആർ. ഒ. എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) കേരളത്തിലെ സർവകലാശാലകളിലേക്കും എല്ലാ കോളേജുകളിലേക്കും കൂടി ഈ പദ്ധതി വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) എഡ്യൂസാറ്റ് വിദ്യാഭ്യാസ പദ്ധതി സംസ്ഥാനത്ത് വ്യാപിപ്പിക്കുന്നതിന്റെ ആദ്യഘട്ടമായി എല്ലാ ജില്ലകളിലും (ഇടുക്കിയിൽ രണ്ടെണ്ണം) 15 സാറ്റലൈറ്റ് ഇന്ററാക്ടീവ് ടെർമിനലുകൾ ഉപയോഗിക്കുന്ന എഡ്യൂസാറ്റ് ട്രെയിനിംഗ് സെന്ററുകൾ (ETC) സ്ഥാപിച്ചുകഴിഞ്ഞു. 20 സാറ്റലൈറ്റ് ഇന്ററാക്ടീവ് ടെർമിനലുകൾകൂടി സ്ഥാപിക്കുന്നതാണ്.

(ബി) ഇതിനായി കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിൽനിന്നും 90 കോടി രൂപയ്ക്കുള്ള സാമ്പത്തികസഹായത്തിനുള്ള നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. സഹായം ലഭിച്ചിട്ടില്ല.

(സി) ഐ. എസ്. ആർ. ഒ. ഏകദേശം 75 ലക്ഷം രൂപ വിലമതിക്കുന്ന ഉപകരണങ്ങൾ സൗജന്യമായി ഇതിനകം നൽകിക്കഴിഞ്ഞു. ഇവ പ്രവർത്തിപ്പിക്കാനും

LIBRARY ARCHIVES Kerala Legislative Assembly

പരിപാലനം ചെയ്യാനുമുള്ള സാങ്കേതിക സഹകരണവും നൽകുന്നുണ്ട്. കൂടുതലായി വേണ്ട ഉപകരണങ്ങൾ ഐ. എസ്. ആർ. ഒ.യിൽ നിന്നും വില നൽകി വാങ്ങുന്നതാണ്.

(ഡി) ആലോചനയിലുണ്ട്. വിശദാംശങ്ങൾ തീരുമാനിച്ചിട്ടില്ല.

പേരാമ്പ്ര സി. കെ. ജി. എം. കോളേജിൽ പുതിയ കോഴ്സുകൾ

92 [3075] *ശ്രീ. ടി. പി. രാമകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര സി. കെ. ജി. എം. ഗവ. കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതു സംബന്ധിച്ച അപേക്ഷ ലഭ്യമായിട്ടുണ്ടോ;

(ബി) എങ്കിൽ പുതിയ കോഴ്സുകൾക്ക് അനുവാദം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; ഏതെല്ലാം കോഴ്സുകളാണ് പുതിയതായി അനുവദിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പേരാമ്പ്ര ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കണമെന്ന് അപേക്ഷിച്ച് സർക്കാരിൽ നിവേദനം ലഭിച്ചിട്ടുണ്ട്. എന്നാൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ശുപാർശ ലഭിച്ചിട്ടില്ല.

(ബി) ഗവൺമെന്റ് കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനുള്ള നിർദ്ദേശങ്ങളിൽ തീരുമാനമായിട്ടില്ല.

സ്വാശ്രയ മേഖലയിലെ കോളേജുകൾ

93 [3076] *ശ്രീ. പി ജയരാജൻ:*
,, *വി. ചെന്താമരാക്ഷൻ:*
,, *പി. സി. ജോർജ്:*
,, *ടി. പി. രാമകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ മേഖലയിൽ പുതിയ എത്ര കോളേജുകൾക്കാണ് ഈ വർഷം അനുമതി നൽകിയിട്ടുള്ളത്; ഏതെല്ലാം;

(ബി) നിലവിലുള്ള കോളേജുകളിൽ പുതിയ സ്വാശ്രയ കോഴ്സുകൾ തുടങ്ങുന്നതിന് അനുവാദം നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കോളേജുകളിലാണ് അനുമതി നൽകിയിട്ടുള്ളത്; ജില്ലതിരിച്ച് കണക്ക് ലഭ്യമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly